**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 80** **04-10-2021 - ൽ മറുപടിയ്ക്ക്**

**മതസൗഹാർദ്ദം തകർക്കുന്നവർക്കെതിരെ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ലവ് ജിഹാദ്, നാർകോട്ടിക് ജിഹാദ് എന്നിവ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) | മതസ്പർദ്ധയുണ്ടാക്കുന്ന തരത്തിൽ നടക്കുന്ന പ്രചാരണങ്ങളും പ്രസ്താവനകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം പ്രവണതകൾ തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; | (ബി) | മതസൗഹാർദ്ദം തകർക്കാൻ ചില തത്പരകക്ഷികൾ സാമൂഹ്യ മാധ്യമങ്ങളിലൂടെയും മറ്റും പ്രചാരണം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മതസ്പർദ്ധയുണ്ടാക്കുന്ന തരത്തിൽ നടക്കുന്ന പ്രചാരണങ്ങളും പ്രസ്താവനകളും വളരെ ഗൗരവമായാണ് കാണുന്നത്. ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ഇന്ത്യൻ ശിക്ഷാനിയമം സെക്ഷൻ 153 A പ്രകാരം കേസുകൾ രജിസ്റ്റർ ചെയ്ത് നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | സാമുദായിക സൗഹാർദ്ദം തകർക്കുന്ന തരത്തിൽ സമൂഹ മാധ്യമങ്ങളിലും മറ്റും നടക്കുന്ന പ്രചാരണങ്ങളിൽ കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നു വ്യക്തമാക്കാമോ? | (സി) | സാമുദായിക സൗഹാർദ്ദം തകർക്കുന്ന തരത്തിൽ സമൂഹ മാധ്യമങ്ങളിലും മറ്റും നടക്കുന്ന പ്രചാരണങ്ങളിൽ കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് രജിസ്റ്റർ ചെയ്ത കേസുകളുടെ വിവരം ചുവടെ ചേർക്കുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് (25.05.2016 മുതൽ 19.05.2021 വരെ)- 132 ഈ സർക്കാരിന്റെ കാലത്ത് (20.05.2021 മുതൽ 26.09.2021 വരെ) - 7 |

സെക്ഷൻ ഓഫീസർ